പുതിയ സ്കൂളുകൾ തുടങ്ങുന്നതിന് നടപടി

22 [319] ശ്രീ. യു. സി. രാമൻ:
,, പി. കെ. കെ. ബാവ:
,, പി. കെ. അബ്ദുറബ്ബ്:
,, സി. മോയിൽകുട്ടി:
,, കെ. എൻ. എ. ഖാദർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം കേരളത്തിൽ എത്ര സ്കൂളുകൾ പുതുതായി ആരംഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഇവയിൽ എൽ. പി., യു. പി., ഹയർ സെക്കണ്ടറി എന്നിവ വേർതിരിച്ച് ഗവൺമെന്റ്, എയ്ഡഡ്, അൺ എയ്ഡഡ് മേഖലകളിലെ കണക്ക് വ്യക്തമാക്കാമോ;

(സി) ഇനിയും ഏതെങ്കിലും സ്കൂളുകൾ ഏതെല്ലാം മേഖലയിൽ സർക്കാർ തുടങ്ങാൻ ഉദ്ദേശിക്കുന്നുണ്ട്; എങ്കിൽ അവയുടെ വിവരം വിശദമാക്കാമോ?

ഉത്തരം

(എ) സ്കൂളുകളുടെ വിവരം ശേഖരിച്ചു നൽകുന്നതാണ്. ഹയർ സെക്കണ്ടറി മേഖലയിൽ 720 സ്കൂളുകൾ അനുവദിച്ചു.

(ബി) എൽ. പി./യു. പി. സ്കൂളുകൾ അനുവദിച്ചതിന്റെ കണക്ക് ശേഖരിച്ചു നൽകുന്നതാണ്. ഹയർ സെക്കണ്ടറി സ്കൂളിന്റെ കണക്ക് താഴെക്കാണും പ്രകാരമാണ്.

ഗവൺമെന്റ്	-	283
എയ്ഡഡ്	-	17
അൺ എയ്ഡഡ്	-	420

(സി) ഹൈസ്കൂളുകളില്ലാത്ത കണ്ണൂർ ജില്ലയിലെ പടിയൂർ, കോഴിക്കോട് ജില്ലയിലെ പെരുമണ്ണ, മലപ്പുറം ജില്ലയിലെ പൊൻമുണ്ടം, കൊല്ലം ജില്ലയിലെ പനയം എന്നീ 4 പഞ്ചായത്തുകളിൽ ഹൈസ്കൂളുകൾ ആരംഭിക്കാൻ ഉത്തരവായിട്ടുണ്ട്. കൂടാതെ ആലപ്പുഴ, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിൽ പുതിയതായി ഹയർ സെക്കണ്ടറി കോഴ്സ് അനുവദിക്കാനും നിലവിലുള്ള പ്ലസ്ടു സ്കൂളുകൾക്ക് അധിക ബാച്ചുകൾ നൽകുകയും ചെയ്യുന്നതിന് അപേക്ഷ ക്ഷണിച്ചിട്ടുണ്ട്. ഗവൺമെന്റ് ഹൈസ്കൂൾ, ഹയർ സെക്കണ്ടറി സ്കൂൾ എന്നിവ ഇല്ലാത്ത പഞ്ചായത്തുകളിലെ ഗവൺമെന്റ് സ്കൂളുകൾ, എയ്ഡഡ് സ്കൂളുകൾ, എന്നീ മുൻഗണനാക്രമത്തിലാണ് ഇവ നൽകുന്നത്. അപേക്ഷിക്കുവാനുള്ള അവസാന തീയതി ഫെബ്രുവരി 10 ആയി നിശ്ചയിച്ചിട്ടുണ്ട്. മേൽ സൂചിപ്പിച്ച 8 ജില്ലകളിലും +1 പ്രവേശനത്തിന് മതിയായ സീറ്റുകൾ ഇല്ലാത്തതിനാലാണ് അപേക്ഷ ക്ഷണിക്കാനിടയായിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly